നിന്നിയോഗിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. തോട്ടപ്പള്ളി വ്യവസായ സംരംഭങ്ങളിൽ നിന്നും 780 ലോഡ് കരിമണൽ വേർതിരിച്ചെടുത്തതായി 1196 ലോഡ് കരിമണൽ ശേഖരിച്ചിട്ടുണ്ട്. സംരംഭകരുടെ വിൽപന രേഖകൾ പ്രകാരം 734 ലോഡ് കരിമണൽ വിറ്റഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2014-15 ലോടെ കേന്ദ്ര ഗവൺമെന്റിന് രേഖകൾ സമർപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സി.എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങൾ

12 (T 342) ശ്രീ. കെ. രാധാകൃഷ്ണൻ :

ഡോ. ടി. എം. തോമസ് ഐസക് :

പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി (തിരൂരങ്ങാടി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സഭയെ മറുപടി അറിയിക്കുമോ:

(എ) പെട്രോളിയത്തിന്റെയും വകുപ്പ് മേധാവികളുടെയും തൊഴിലിലുള്ള നിയന്ത്രണത്തിന് വിധേയമായി പ്രവർത്തിച്ച രേഖകൾ യഥാസമയം സമർപ്പിക്കാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പുതിയ പ്രവർത്തനങ്ങൾ നടത്തുന്നതിനുമുമ്പ് അവ നടപ്പാക്കുന്നതിനുവേണ്ടി അതിനായി രൂപമാറ്റം കൊണ്ടുവരുന്നതിനും വിശദമായ കാണിച്ച് വരുന്നതിനെ സി എ .ജി. തന്നെ വിമർശിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2014 മാർച്ചിൽ അവസാനിച്ച വർഷത്തെ സംസ്ഥാന സർക്കാർ വ്യവസായങ്ങളെക്കുറിച്ചുള്ള സി എ. ജി. റിപ്പോർട്ടിൽ 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ പുറത്തായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ നടപ്പിലാക്കിയതിന്റെ നിജസ്ഥിതിയെ കുറിച്ചുള്ള പരാമർശവും കണ്ടെത്തലുകളും വിശദമാക്കാമോ; ഇതേക്കുറിച്ചുള്ള സർക്കാർ വിശദമാക്കാമോ; പ്രഖ്യാപനങ്ങൾ നടപ്പിലാക്കാതെ പോയതിന്റെ യഥാർത്ഥ കാരണങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ പ്രഖ്യാപനങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ?

*ചോദ്യമായി വന്നിട്ടുണ്ട്

#T മറുപടി ലഭിക്കേണ്ട ദിവസം

9/7/18

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും തിയതിയും മാറ്റാനിർദ്ദേശവും വകുപ്പുതലത്തിൽ (ശ്രീ. കെ. എം. മണി).

(എ) മുഖ്യമന്ത്രി മന്ത്രിമാർ വകുപ്പ് സെക്രട്ടറിമാരുടെ അവലോകന യോഗം നടത്താറുണ്ട്. പിന്നീട് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും അവലോകന യോഗം ചേർന്ന് പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നത് ഉറപ്പു വരുത്തുന്നതിനായി നിർവ്വഹണ പുരോഗതി വിലയിരുത്തിവരുന്നു. വകുപ്പ് സെക്രട്ടറി തലത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനവും നടത്തുന്നുണ്ട്. ഈ യോഗങ്ങളിൽ പദ്ധതികൾക്ക് ഭരണാനുമതി സമയബന്ധിതമായി നൽകുന്നുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കുന്നുണ്ട്. കൂടാതെ, സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി ഓൺലൈനായി നിരീക്ഷിക്കുന്നതിനായി 'പ്ലാൻ വേൾഡ് സംവിധാനം സംസ്ഥാന ആസൂത്രണ ബോർഡിൽ ഒരുക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച അഞ്ച് കോടിയോ അതിൽ അധികമോ അടങ്കൽ വരുന്ന 40 പുതിയ പദ്ധതികളുടെ നടത്തിപ്പിന്റെ നിജസ്ഥിതിയെ സംബന്ധിച്ച 2014 മാർച്ചിലെ സി ആന്റ് എ. ജി റിപ്പോർട്ടിലെ പട്ടിക അനുബന്ധമായി ചേർക്കുന്നു. പ്രഖ്യാപിത പദ്ധതികളിൽ നടപ്പാക്കാതിരുന്നതിന്റെയും നടന്നതിൽ വന്ന കാലതാമസത്തിന്റെയും സി&എ.ജി റിപ്പോർട്ടിലെ കണ്ടെത്തലുകളിന്മേൽ പരാമർശങ്ങളും പ്രകാരം ചേർക്കുന്നു.

കണ്ടെത്തലുകളും/പരാമർശങ്ങളും

1. വകുപ്പുകൾ പ്രൊജക്ട് പ്രപ്പോസലുകൾ തയ്യാറാക്കിയിരുന്നില്ല.
2. ഭരണാനുമതി ലഭിച്ച് ശേഷവും പണം വകയിരുത്താതിരുന്നതും.
3. പണം വിനിയോഗിച്ചതിനു ശേഷം - പണികൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായിരുന്ന ഉണ്ടായിരുന്നതുമായ ഉദ്യോഗസ്ഥർക്ക് നൽകിയ ധനസഹായം വിനിയോഗിക്കുന്നതിലെ കാലതാമസവും കാരണമായി പണം വിനിയോഗിക്കാത്തത്.

ഉണ്ടായിരുന്നതുമായ ഉദ്യോഗസ്ഥർക്കുള്ള കാലതാമസം, പണികൾ നടപ്പിലാക്കുന്നതിലെ താമസം, പരിസ്ഥിതി അനുമതി ലഭിക്കാത്തത്, ട്രാൻ വാങ്ങുന്നതിൽ തിരുമാനം എടുക്കുന്നതിലുള്ള താമസം, റെയിൽവേയിൽ നിന്നുള്ള അനുമതി ലഭിക്കാത്തത് എന്നിവയാണ് പ്രധാനമായും പദ്ധതി നടപ്പിലാക്കാതെ പോയതിന്റെ യഥാർത്ഥ കാരണങ്ങളായി അവതരിപ്പിക്കുന്നത്.

* ഓൺലൈനായി സമർപ്പിച്ചത്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും പൂർത്തിയായും നടപ്പിലാക്കിയിട്ടുമുള്ളതായ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ/ പദ്ധതികൾ പ്രകാരം ചേർക്കുന്നു.

കാർഷിക മേഖലയുടെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള തൊടുകുളം പദ്ധതി, നിറവ് പദ്ധതി, കേര കർഷകർക്ക് തെങ്ങുകയറ്റം വ്യാവസായികടിസ്ഥാനത്തിലുള്ള ഉൽപാദനം, വൈറ്റില മൊബിലിറ്റി ഹബ്ബ്, ട്രാൻസിറ്റിവില്ലാത്ത കേരള പദ്ധതി, കാരുണ്യ ഭാഗ്യക്കുറിയിലൂടെ കാരുണ്യ പദ്ധതിയുടെ വരുമാനവർദ്ധനവിലൂടെ ദിനംപ്രതി ധനസഹായം, ലൈഫ്മിഷൻ മുഖേന സർവ്വേപ്രകാരം സർക്കാരിന്റെ ഒരുരൂപയും ലഭ്യമാക്കാതെ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി സെക്രട്ടേറിയറ്റിൽ ഉപഓഫീസ് സംവിധാനം, പി.എസ്.സി. പരീക്ഷയ്ക്ക് ഓൺലൈൻ സംവിധാനം, 2004-2009 കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പയെടുത്ത് തൊഴിൽരഹിതരായി തുടരുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയ്ക്കുള്ള പലിശ സബ്സിഡി, തൊഴുത്ത് സമഗ്രപുനരുദ്ധാരണ പദ്ധതി-കേരളോത്സവം, പി.പി.പി പദ്ധതികളുടെ നിർവ്വഹണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യൽ, വിദ്യാർത്ഥി സൗഹൃദ പദ്ധതി, വിദ്യാർത്ഥിനികൾക്കുള്ള അധിക മൈലേജ് പദ്ധതി, 2011-12 വർഷം 14 ജില്ലകളിലുമായി ആകെ 3407 കിലോ സ്ഥലത്ത് തരിശുനിലം കൃഷി നടപ്പിലാക്കൽ, സിവിൽ സപ്ലൈസ് വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ ത്വരിതഗതിയിൽ പ്രോജക്ട്, സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് കെ.എസ്.ആർ.ടി.സി 46 ബസ് സ്റ്റേഷനുകളിൽ സുരക്ഷിത സ്ത്രീ യാത്രാ പദ്ധതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഭവന നിർമ്മാണം, ഗോത്രസാരഥി തുടങ്ങിയ പദ്ധതികൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമം തടയാൻ നിർഭയ, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് നഗരങ്ങളിൽ 1522 കോടി രൂപയുടെ സമഗ്ര നഗരവികസന പദ്ധതികൾ, ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ എണ്ണം അഞ്ചിൽ നിന്നും പതിനാറാക്കൽ, ഇടമൺ കേരളത്തിന്റെ സ്വപ്ന പദ്ധതിയായ കൊച്ചി മെട്രോ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയും പുരോഗമിച്ചു വരികയാണ്.

നിർമ്മാണ മേഖലയിലെ മാന്ദ്യം

13 (*343) ശ്രീ. കെ. കെ. രമചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിദ്യാസാങ്കേതികവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിലെ മാന്ദ്യം സാമ്പത്തിക മാന്ദ്യം അടക്കം ഏതൊക്കെ മേഖലകളിലും തരത്തിലും പ്രതിഫലനമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly